# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 535 | 24.07.2015-ൽ മറുപടിക്ക്

## വ്യാജഡോക്ടർമാരുടെ ചികിത്സ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി :<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>,, ജെയിംസ് മാത്യു :<br>ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാജഡോക്ടർമാർ ചികിത്സ നടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ ഫലം വിശദമാക്കാമോ ; | (എ) ഉണ്ട്. ഇപ്രകാരം ചില ഒറ്റപ്പെട്ട സംഭവങ്ങൾ പരാതിയായി ലഭിച്ചിട്ടുണ്ട്. മഞ്ചേരി ജില്ലാ ആശുപത്രിയിലെ സൈക്യാട്രിസ്റ്റ്, സൂപ്രണ്ട് എന്നിവരെ ധിക്കരിച്ചുകൊണ്ടും തന്നിഷ്ട പ്രകാരം സർക്കാർ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ടും, പൊതുജനത്തെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടും മഞ്ചേരി സർക്കാർ ആശുപത്രിയിൽ ഒ.പി. സംഘടിപ്പിക്കുകയും മെഡിക്കൽ ബിരുദമോ, പി.എച്ച്.ഡി ബിരുദമോ ഇല്ലാതെ പേരിനു മുമ്പിൽ വ്യാജമായി ഡോക്ടർ എന്ന് എഴുതി പ്രദർശിപ്പിക്കുകയും രോഗികളെ തെറ്റിദ്ധരിപ്പിച്ച് ചികിത്സ നടത്തുകയും ചെയ്തു എന്ന പരാതിയിൻമേൽ മഞ്ചേരി ജനറൽ ആശുപത്രിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശ്രീ.രാജ്കുമാറിനെതിരെ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) നടത്തിയ അന്വേഷണത്തിൽ ടിയാൾ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.<br>പന്തളത്തും ചിറയിൻകീഴിലും സൈക്യാട്രിക് ട്രീറ്റ്മെന്റ് നടത്തുന്ന ഡോ.രാജൻ ജോർജ് വിദേശത്തുനിന്ന് നേടിയ ഒരു സർട്ടിഫിക്കറ്റ് ഉപയോഗിച്ചാണ് ചികിത്സ നടത്തുന്നത് എന്ന പരാതി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയത് തുടർ നടപടികൾക്കായി ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന് അയച്ചുകൊടുത്തിട്ടുണ്ട്. |

(......2)

അടിമാലി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഒപ്റ്റോമെട്രിസ്റ്റായിരുന്ന ശ്രീ. നിസാമുദ്ദീൻ, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ ശൂന്യവേതനാവധി എടുത്ത് തിരുവനന്തപുരം കല്ലറ പാങ്ങോട് പോലീസ് സ്റ്റേഷനടുത്തുള്ള തന്റെ വസതിയിൽ നേത്ര രോഗവിദഗ്ദ്ധൻ എന്ന നിലയിൽ രോഗികളുടെ കണ്ണ് പരിശോധിക്കുകയും മരുന്നുകൾ കുറിച്ചു കൊടുക്കുകയും ചെയ്യുന്നു എന്ന പരാതിയിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) 08.12.2014 -ന് ടിയാന്റെ വസതിയിൽ പരിശോധന നടത്തുകയും പരാതി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ അമ്പൂരി, പൊഴിയൂർ, കിളിമാനൂർ, ബാലരാമപുരം പ്രദേശങ്ങളിൽ നിന്ന് ഓരോ വ്യാജ ഡോക്ടർമാരെ വീതം ജില്ലാ മെഡിക്കൽ ഓഫീസിലെ സ്ക്വാഡ് കണ്ടെത്തി കേസ് നടത്തിവരികയാണ്. അതുപോലെ കുറ്റിച്ചൽ പഞ്ചായത്തിൽ രണ്ട് പേരെ കണ്ടെത്തി അവർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. ഇതിൽ ഒരാൾ ആയുർവേദ ഡോക്ടർ ആണെങ്കിലും അലോപ്പതി ചികിത്സ ചെയ്യുന്നതായാണ് കണ്ടെത്തിയത്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ ചുള്ളിമാനൂരിൽ സ്വകാര്യ ആശുപത്രിയിലെ വ്യാജ ഡോക്ടറുടെ ചികിത്സ മൂലം ബാലിക മരണപ്പെട്ടതായ ഒരു സംഭവം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| (ബി) തിരുവനന്തപുരം ചുള്ളിമാനൂരിൽ സ്വകാര്യ ആശുപത്രിയിൽ വ്യാജ ഡോക്ടറുടെ ചികിത്സമൂലം ബാലിക മരിച്ചതിനെ തുടർന്ന് എന്തൊക്കെ പരിശോധനയും അന്വേഷണവും നടത്തിയെന്നും അതിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും അറിയിക്കാമോ ; | (ബി) പനവൂർ പഞ്ചായത്തിലെ മൊട്ടക്കാവ് എന്ന സ്ഥലത്തെ താമസക്കാരിയായ ലിജ എന്നയാളുടെ 7 വയസ്സായ മകൾ സാറയെ 20.05.2015 -ന് പനി ബാധിച്ച് ചുള്ളിമാനൂരിൽ പ്രവർത്തിക്കുന്ന റോയൽ എന്ന ആശുപത്രിയിൽ കൊണ്ടുവരികയും കുത്തിവയ്പ് നൽകിയതോടെ കുട്ടിയ്ക്ക് ശാരീരിക അസ്വസ്ഥത മൂർച്ഛിക്കുകയും ഉടൻ തന്നെ നെടുമങ്ങാട് ജില്ലാ ആശുപത്രിയിലേക്ക് വിടുകയുമായിരുന്നു. കുട്ടി ആശുപത്രിയിൽ എത്തുന്നതിനുമുമ്പ് മരിച്ചു. |

(......3)

തുടർന്ന് പോലീസ് ടി സ്വകാര്യ ആശുപത്രിയിലെ ഡോക്ടറെ അറസ്റ്റ് ചെയ്യുകയും ആശുപത്രി പൂട്ടുകയും ചെയ്തിട്ടുണ്ട്. ആശുപത്രി നിലവിൽ പ്രവർത്തിക്കുന്നില്ല. പരിശോധനയിൽ ആന്ധ്രാപ്രദേശിൽ നിന്നും ലഭിച്ച ഒരു ആയുർവ്വേദ കോഴ്സ് സർട്ടിഫിക്കറ്റ് കണ്ടെത്തുകയുണ്ടായി. ഈ സർട്ടിഫിക്കറ്റ് വെച്ചുകൊണ്ട് അലോപ്പതി ചികിത്സ നടത്തിയത് നിയമവിരുദ്ധമാണെന്ന് കണ്ടെത്തി പോലീസ് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ തടയാൻ സംസ്ഥാന വ്യാപകമായി സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഇടങ്ങളിലും പരിശോധന നടത്താൻ നടപടിയെടുക്കുമോ ?

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേയ്ക്കായി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിലവിൽ വരുന്നതോടെ സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ലാബുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ മേൽ സർക്കാരിന് നിയന്ത്രണം ഉണ്ടാകുന്നതാണ്.

സെക്ഷൻ ഓഫീസർ